## അനശ്വരയെന്നമ്മ

സ്നേഹിക്കുന്നു ഞാനീ കണ്ണുനീർ മുത്തിനെ,
താലോലിക്കുന്നു ഞാനീ നൊമ്പരത്തെ,
കൈനീട്ടി വാങ്ങുന്നീ സത്യത്തിനെ,
ഉൾക്കൊള്ളാൻ മടിക്കുമെൻ മനം-
എങ്കിലും കൈനീട്ടി വാങ്ങുന്നീ സത്യത്തിനെ.

എന്നേക്കുമായ് എന്നെ വിട്ടുപിരിഞ്ഞുപോയ്,
എന്റെ ജീവനെൻ പെറ്റമ്മ മറഞ്ഞുപോയ്,
നിലച്ചുപോയെന്നിലെയുൾ ചേതന;
തളർന്ന് തകർന്ന് വീണുപോയ് ഞാൻ.

കണ്ടീലഞാനെങ്ങുമിന്നോളമെവിടെയും,
ഇത്രമേലൊരമ്മതൻ വാത്സല്യം,
കിട്ടില്ലൊരിക്കലുമായുലകിൽ നിന്നും,
ഇത്രമേലൊരമ്മ തൻ സ്നേഹംപോൽ.

ഗതകാലസ്മരണകൾ പാറിയെത്തിയെൻ,
മനസ്സിന്റെ ചില്ലയിൽ കൂടുകെട്ടി;
കുറുമ്പു കാട്ടുമൊരു കുസൃതിക്കുട്ടിയായ്,
ഞാനെന്നമ്മയെ കെട്ടിപ്പുണർന്നുപോയ്.

എത്രനേരമായ് കാത്തുകാത്തിരിക്കുന്നു,
വഴിക്കണ്ണുമായ് നിൽക്കുന്നു കുഞ്ഞേ,
കൺകുളിർക്കെയൊന്നു കാണട്ടെ നിന്നെ-
യെന്നെന്നെ നോക്കി പുണരുന്നതാരിനി.

ചോറുണ്ണുവാനവൾക്കിഷ്ടമില്ല ഗൗരി,
കള്ളപ്പവും, കരിമീനുമാണിഷ്ടം,
എന്നു തിരക്കുകൂട്ടുന്നൊരടുക്കളയിൽ,
ഇനിയെന്നമ്മയെ കാണില്ല ഞാൻ.

കുളികഴിഞ്ഞെത്തുന്ന നിറുകയിൽ,
വെള്ളമുണ്ടോ പനിവരും നിനക്ക്;
തപ്പിനോക്കി, തല വീണ്ടും തുവർത്തി,
ഉറപ്പുവരുത്തുന്നൊരാ വാത്സല്യം.



വളർന്ന മക്കടെ വാടിയമുഖം നോക്കി
നെഞ്ചു തളരുന്ന നേരം;
അമ്മതൻ സ്വത്ത് മൂന്നുമക്കളെന്ന്,
അഭിമാനിക്കുന്നൊരാ പ്രസാദം.

സന്ധ്യക്കൊരു സന്യാസിനിയെപ്പോലെ ഞാൻ,
നമസ്കാരം ചെയ്യുന്നു നിങ്ങൾക്കായ്;
ജീവിക്കുന്നിതമ്മ നിങ്ങൾക്കു മാത്രമായ്,
എന്നെഴുതിയൊരെഴുത്തിനി വരില്ല എങ്കിലും-
കൈനീട്ടി വാങ്ങുന്നീ സത്യത്തിനെ,
ഉൾക്കൊള്ളാൻമടിക്കുമെൻ മനം എങ്കിലും,

വലം കൈ ചെയ്യുന്നതിടംകൈ അറിയാതെ,
കാത്തുസൂക്ഷിച്ചതൻ കാരുണ്യം;
എല്ലാമെൻ മക്കൾക്കു നന്മയ്ക്കായ് ഭവിക്ക,
വേണമെന്നാശംസിക്കുന്നൊരാമൊഴി.

ക്ഷമിക്കാൻ പഠിക്കണം നീ ഭൂമിയോളം,
ക്ഷമിച്ചാലേയീ ലോകം ജയിക്കൂ;
ക്ഷമിച്ചു ക്രിസ്തുവെപ്പോൽ സഹിച്ചെന്നമ്മ,
പൊറുത്തെന്നുമന്യന്റെ തെറ്റുകൾ.

കണ്ടുഞാനെൻ മാതാവിൽ മറ്റൊരു ക്രിസ്തുവെ,
ശ്രീകൃഷ്ണനെ, ഗാന്ധിയെ, ബുദ്ധനെ;
ഒറ്റക്ക് കുരിശ് ചുമന്ന് പടവുകൾ കയറിയ,
ധീരയായമ്മ ജീവിക്കുന്നെന്നിൽ.

ആ പവിത്രമാം നെഞ്ചിൽനിന്നൊഴുകിയ,
സ്നേഹവാപിയിൽ ഞാൻ ലയിക്കട്ടെ,
നിറയട്ടെയെൻ സിരകളിലെന്നുമെന്നും,
ഒഴുകട്ടെയാ സ്നേഹാമൃതധാര.

ആ മടിയിലൊരു പിഞ്ചുപൈതലായ്,
ഒരിക്കൽകൂടിയുറങ്ങാൻ കഴിയില്ല, എങ്കിലും;
സ്നേഹിക്കുന്നു ഞാനീ കണ്ണുനീർമുത്തിനെ,
താലോലിക്കുന്നു ഞാനീ നൊമ്പരത്തെ.

പരമ്പരകളിലൂടൊഴുകുമീ സൂക്തം,
അനശ്വരമാക്കുന്നിതമ്മയെ;
സ്നേഹമാണു ശക്തിയെന്നുജപിക്കട്ടെ,
ഉരുവിടട്ടെയീ മന്ത്രം തലമുറകൾ.